**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2617** **12-10-2021 - ൽ മറുപടിയ്ക്ക്**

**കാർഷിക മേഖലയിൽ സഹകരണ സംഘങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി.അൻവർ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ ഒ . ആർ. കേളു** | | **Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | കാർഷിക മേഖലയിൽ മുന്നേറ്റം സൃഷ്ടിക്കാനായി സഹകരണ സംഘങ്ങൾ നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (എ) | കാർഷിക മേഖലയിൽ മുന്നേറ്റം സൃഷ്ടിക്കാനായി സഹകരണ സംഘങ്ങൾ ചുവടെ പറയും പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. 1. കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും നഴ്സറികൾ, ജൈവവള ശാലകൾ, കാർഷിക യന്ത്ര വൽകൃത സൗകര്യങ്ങൾ തുടങ്ങി കർഷകർക്കാവശ്യമായ സേവനങ്ങൾ നൽകുന്നതിനായി സഹകരണ സംഘങ്ങളുടെ അധീനതയിൽ സംസ്ഥാനത്ത് ആകെ 80-കർഷക സേവന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. 2. സഹകരണ സംഘങ്ങളുടെ അധീനതയിൽ സംസ്ഥാനത്ത് 217 Coopmart VEGFresh ഔട്ട്-ലെറ്റുകൾ ഇതിനകം ആരംഭിച്ചുകൊണ്ട് പ്രാദേശിക കർഷകരിൽ നിന്നും പച്ചക്കറികൾ ശേഖരിച്ച് വിപണനം ചെയ്തുവരുന്നു. 3. ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി നബാർഡിന്റേയും സർക്കാരിന്റെയും സഹായത്താൽ കാർഷിക വായ്പാ സഹകരണ സംഘങ്ങൾ നെൽകർഷകർക്ക് പലിശരഹിത വായ്പ്പ അനുവദിച്ചു വരുന്നു. 4. പച്ചക്കറി തുടങ്ങി കർഷകരുടെ ഉൽപ്പന്നങ്ങൾ, ഇടനിലക്കാരെ ഒഴിവാക്കി ഉപഭോക്താക്കൾക്ക് നേരിട്ട് കർഷകർ തന്നെ വില്പന നടത്തുന്നതിനായി കുറഞ്ഞ ഫീസ് ഈടാക്കി സഹകരണ സംഘം സ്റ്റാളുകൾ അനുവദിച്ചുകൊണ്ട് നാട്ടുചന്ത സംവിധാനം നടത്തിവരുന്നു. 5. സഹകരണ സംഘങ്ങളുടെ ഉൽപന്നങ്ങൾ coopkerala എന്ന ഏകീകൃത ബ്രാന്റിൽ കൊണ്ടുവന്ന് വിപണനം നടത്തുന്നതിനായി സഹകരണ സംഘങ്ങളുടെ അധീനതയിൽ സംസ്ഥാനത്ത് 14 coopmartകൾ ആരംഭിച്ച് പ്രവർത്തിച്ചുവരുന്നു. |
| (ബി) | സ്വകാര്യ മില്ലുകാരുടെ ചൂഷണത്തിൽ നിന്ന് | (ബി) | സ്വകാര്യ മില്ലുകാരുടെ ചൂഷണത്തിൽ നിന്ന് |

| | | |
|---|---|---|
| | കർഷകരെ സഹായിക്കാനായി കാപ്കോസ്, പാപ്കോസ് എന്നീ സംഘങ്ങൾ രൂപീകരിച്ച് നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | കർഷകരെ സഹായിക്കാനായി കാപ്കോസ്, പാപ്കോസ് എന്നീ സംഘങ്ങൾ നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ ചുവടെ വിവരിക്കുന്നു; കാപ്കോസ് :- സംസ്ഥാനത്ത് പാലക്കാട് ഒഴികെയുള്ള ജില്ലകളിൽ പ്രവർത്തന പരിധിയായി കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കെറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ.4505(KAPCOS) എന്ന നെല്ല് സഹകരണ സംഘം 2021 ആഗസ്റ്റ് 27ന് രൂപീകരിച്ചു. സംഘത്തിന്റെ അധീനതയിൽ കുട്ടനാട്ടും അപ്പർ കുട്ടനാട്ടും, രണ്ട് ആധുനിക റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കി വരുന്നു. സംസ്ഥാനത്തെ കർഷകരിൽ നിന്നും നെല്ല് സംഭരിച്ച് സംസ്കരിച്ചും, കാർഷിക ഉൽപ്പന്നങ്ങൾ ജില്ലക്ക് അകത്തും പുറത്തും വിപണനം നടത്തുക, സംസ്കരണ കേന്ദ്രങ്ങൾ, സംഭരണ ശാലകൾ സ്ഥാപിക്കുക, കൂടാതെ സർക്കാർ, അർദ്ധ-സർക്കാർ, സഹകരണ, സ്വകാര്യ വിപണന സ്ഥാപനങ്ങൾ വഴിയും ഓൺലൈൻ സംവിധാനത്തിലൂടെയും വിപണന സൗകര്യം ഏർപ്പെടുത്തുകയും സ്വന്തമായി വിപണന കേന്ദ്രങ്ങൾ നടത്തുകയും, സംഘം പ്രവർത്തന പരിധിയിൽപെട്ട മുഴുവൻ നെൽ കൃഷിക്കാരെ സഹായിക്കുകയും സംസ്ഥാനത്തെ നെൽകൃഷി വ്യാപിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുക എന്നതാണ് സംഘത്തിന്റെ പ്രധാന ലക്ഷ്യം. പാപ്കോസ്:- കേരളത്തിന്റെ നെല്ലറയായ പാലക്കാട് ജില്ലയിലെ നെൽകർഷകർ നേരിടുന്ന പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം എന്ന നിലയിൽ നെല്ല് സംഭരിക്കുകയും ആധുനിക റൈസ് മില്ലും ഗോഡൗണുകളും സ്ഥാപിച്ച്കൊണ്ട് സംഭരിച്ച നെല്ല് അരിയാക്കി വിപണനം നടത്തുക എന്നീ ലക്ഷ്യത്തോടെ രജിസ്റ്റർ ചെയ്ത സംഘമാണ് "പാലക്കാട് പാഡി പ്രോക്യൂർമെന്റ് പ്രോസസ്സിംഗ് &മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി" ക്ലിപ്തം നം. പി.1449 (PAPCOS). പാലക്കാട് ജില്ലയിലെ കർഷകരിൽ നിന്നും നെല്ല് സംഭരിച്ചും, സംസ്കരിച്ചും, കാർഷിക ഉൽപ്പന്നങ്ങൾ ജില്ലക്ക് അകത്തും പുറത്തും വിപണനം നടത്തുക. ആയതിനുവേണ്ടി ആധുനിക സാങ്കേതിക വിദ്യയോട് കൂടിയ അരിമിൽ സംസ്കരണ കേന്ദ്രങ്ങൾ എന്നിവ ആരംഭിക്കുകയും ആവശ്യമായ സംഭരണ ശാലകൾ സ്ഥാപിക്കുകയും ചെയ്യുക. കൂടാതെ സർക്കാർ, അർദ്ധ-സർക്കാർ, സഹകരണ, സ്വകാര്യ വിപണന സ്ഥാപനങ്ങൾ വഴി വിപണന സൗകര്യം ഏർപ്പെടുത്തുകയും സ്വന്തമായി വിപണന കേന്ദ്രങ്ങൾ |

| | | | |
|---|---|---|---|
| | | | നടത്തുകയും ചെയ്യുക. പാലക്കാട് ജില്ലയിലെ കൃഷിക്കാരെ എല്ലാവിധത്തിലും സഹായിക്കുകയും ജില്ലയിൽ നെൽകൃഷി വ്യാപിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുക എന്നതാണ് സംഘത്തിന്റെ പ്രധാന ലക്ഷ്യം. |
| (സി) | ആധുനിക അരിമില്ലുകൾ സ്ഥാപിച്ച് നെല്ലിന്റെ സംഭരണവും സംസ്കരണവും വിപണനവും യാഥാർത്ഥ്യമാക്കി കർഷക താല്പര്യം സംരക്ഷിക്കാനുള്ള പ്രവൃത്തിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ? | (സി) | കർഷക താല്പര്യം സംരക്ഷിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള കാപ്കോസ്, പാപ്കോസ് എന്നീ സംഘങ്ങളുടെ പ്രവർത്തന പുരോഗതി ചുവടെ ചേർക്കുന്നു. കാപ്കോസ്:- 1. 2021 ആഗസ്റ്റ് 27നു രജിസ്റ്റർ ചെയ്ത കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കെറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (KAPCOS) ക്ലിപ്തം നമ്പർ.4505 ന്റെ ആദ്യ പൊതുയോഗം 30.09.2021ന് കൂടുകയുണ്ടായി. 2. സംഘത്തിന്റെ ഓഫീസ് പ്രവർത്തനം താൽക്കാലികമായി കുടമാളൂർ സർവ്വീസ് സഹകരണ ബാങ്ക് കെട്ടിടത്തിൽ ആരംഭിക്കുന്നതിന് തീരുമാനിക്കുകയും, സംഘം പ്രവർത്തനം സുഗമമായി നിർവ്വഹിക്കുന്നതിനായി ബോർഡ് അംഗങ്ങളിൽ നിന്നും ഒരു ഹോണററി സെക്രട്ടറിയെ നിയമിക്കുകയും ചെയ്തു. 3. ആധുനിക റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി, സ്ഥലം വാങ്ങുന്നതിനും, ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നു. പാപ്കോസ് :- 1. സംഘത്തിന്റെ മോഡേൺ റൈസ് മിൽ പദ്ധതി നടപ്പിലാക്കുന്നതിന് പാലക്കാട് ജില്ലയിൽ ആലത്തൂർ താലൂക്കിൽ കണ്ണമ്പ്ര -1 വില്ലേജിൽ മാങ്ങോട് എന്ന സ്ഥലത്ത് 27.66 ഏക്കർ സ്ഥലം വാങ്ങിയിട്ടുണ്ട്. 2. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ചുമതല നബാർഡിന്റെ കൺസൽട്ടൻസി ഏജൻസിയായ NABCONSനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. 75.04 കോടി രൂപയാണ് പദ്ധതിക്ക് ചെലവ് കണക്കാക്കുന്നത്. 3. പദ്ധതി പ്രദേശത്ത് ഇ-ടെണ്ടർ നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് 500 മീറ്റർ റോഡിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 4. റൈസ് മില്ലിന്റെയും സിലോകളുടെയും നിർമ്മാണ നടത്തിപ്പിനായി 30.08.2021ന് ഇ-ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ